LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിമാസം 8,000 രൂപ.

(ബി) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 6000 രൂപയായിരുന്ന ശമ്പളം 8,000 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

മാതൃകാ അങ്കണവാടി

231 (3438) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാതൃകാ അങ്കണവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അങ്കണവാടിയുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജക മണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ചുനക്കര പഞ്ചായത്തിലെ 51-ാം നമ്പർ അങ്കണവാടിക്ക് ഭരണാനുമതി ലഭ്യമാക്കിയിരുന്നെങ്കിലും പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ കെട്ടിട നിർമ്മാണം ഉടങ്ങുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. ആയതിനാൽ ടി 51-ാം നമ്പർ അങ്കണവാടിക്ക് പകരം ചുനക്കര ഗ്രാമ പഞ്ചായത്തിലെ 34-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും പുറമ്പോക്ക് ഭൂമി ലഭ്യമാക്കുവാൻ അപേക്ഷ നൽകിയിരുന്നു. ആയത് നാളിതുവരെ അനുവദിച്ചുകിട്ടിയിട്ടില്ല.

റോഡുകളുടെ പുനരുദ്ധാരണം

232 (3439) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചു എന്നും ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വർഷം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.